## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3629** **15.03.2018 ൽ മറുപടിയ്ക്ക്**

**പുന്നോൽപെട്ടിപാലത്തെ പുനർജനി ആൾട്ടർനേറ്റീവ് എനർജി പാർക്ക്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. എൻ. ഷംസീർ | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ പുന്നോൽപെട്ടിപാലത്ത് സ്ഥാപിക്കുന്ന പുനർജനി ആൾട്ടർനേറ്റീവ് എനർജി പാർക്കിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;<br>(ബി) ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (എ) യും (ബി) യും | തലശ്ശേരി നിയോജക മണ്ഡലത്തിലെ പുന്നോൽപെട്ടിപാലത്ത് നേരത്തെ മാലിന്യ നിക്ഷേപം നടത്തി വന്നിരുന്ന ഭൂമി വീണ്ടെടുത്ത് ഒരു ഹെക്ടർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ എം.എൽ.എ മുൻകൈയെടുത്ത് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി കേരള ഹൈഡൽ ടൂറിസം സെന്ററും തലശ്ശേരി മുൻസിപ്പാലിറ്റിയും സംയുക്തമായി നടപ്പാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി സോളാർ, വിന്റ് സാദ്ധ്യതകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അനെർട്ട്, വൈദ്യുതി ബോർഡ് എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇത് നടപ്പാക്കുന്നതും പരിശോധനയിലാണ്. |

**സെക്ഷൻ ഓഫീസർ**